# Telephone conversation between Prime Minister and State Counsellorof Myanmar DawAung San SuuKyi

April 30, 2020

---

## പ്രധാനമന്ത്രിയും മ്യാന്മാർ സ്റ്റേറ്റ് കൗൺസിലർ ദാവോംഗ് സാൻ സൂകിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 30, 2020

മ്യാന്മാർ റിപ്പബ്ലിക് യൂണിയന്റെ സ്റ്റെയ്റ്റ് കൗൺസിലർ ആയ ദാവോംഗ് സാൻ സൂകിയുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര് മോഡി 2020 ഏപ്രിൽ 30 ന് ടെലിഫോൺ സംഭാഷണം നടത്തി.

ആഭ്യന്തരവും പ്രാദേശികവുമായ COVID -19 സാഹചര്യങ്ങളെ സംബന്ധിച്ച് നേതാക്കൾ ചർച്ച ചെയ്യുകയും പകർച്ചവ്യാധി തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് പരസ്പരം വിവരങ്ങൾ അറിയിക്കുകയും ചെയ്തു.

ഇന്ത്യയുടെ അയൽ രാജ്യങ്ങൾക്ക് മുൻഗണന നൽകുന്ന നയത്തിൽ മ്യാന്മാറിന്റെ പ്രാധാന്യം പ്രധാനമന്ത്രി മോഡി അടിവരയിട്ടു സൂചിപ്പിച്ചു,കൂടാതെ COVID -19 ന്റെ ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ തടയുന്നതിനായി സാധ്യമായ എല്ലാ പിന്തുണയും നൽകുന്നതിനുള്ള ഇന്ത്യയുടെ സന്നദ്ധതയും അദ്ദേഹം അറിയിച്ചു.

ഇന്ത്യയിലുള്ള മ്യാന്മാർ പൗരന്മാർക്ക് സാധ്യമായ എല്ലാ പിന്തുണയും ഇന്ത്യൻ സർക്കാർ നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകി കൂടാതെ മ്യമാരിലെ ഇന്ത്യൻ പൗരന്മാർക്ക് മ്യാന്മാർ അധികാരികൾ നൽകിയ സഹകരണത്തിന് സ്റ്റേറ്റ് കൗൺസിലറിന് നന്ദി അറിയിക്കുകയും ചെയ്തു. COVID -19 മൂലം നിലവിൽ അനുഭവപ്പെടുന്നതും ഭാവിയിൽ വന്നേക്കാവുന്നതുമായ വെല്ലുവിളികൾ നേരിടാൻ ഒരുമിച്ച് പ്രവർത്തിക്കുമെന്നും പരസ്പരം സമ്പർക്കം പുലർത്തുമെന്നും ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**30 ഏപ്രിൽ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.